**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 654** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>ഉന്നതി സ്കോളർഷിപ്പ് പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. രാജൻ

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ
വകുപ്പ് മന്ത്രി)

**(എ)** പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദേശ പഠനത്തിനായുള്ള ഉന്നതി സ്കോളർഷിപ്പ് പദ്ധതി പ്രകാരം കഴിഞ്ഞ അഞ്ച് വർഷ കാലയളവിൽ എത്ര വിദ്യാർത്ഥികൾക്ക് അവസരങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്; ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ;

**<u>മറുപടി:</u> പട്ടികജാതി വിഭാഗം**

ഉന്നതി സ്കോളർഷിപ്പ് പദ്ധതി പ്രകാരം 427 വിദ്യാർത്ഥികൾ വിദേശ പഠനത്തിനായി പോയിട്ടുണ്ട്. നാളിതുവരെ 100,51,25,000/- രൂപ വിദേശപഠനത്തിനായി ODEPEC-ന് അനുവദിച്ചിട്ടുണ്ട്.

2023-24 - 54 വിദ്യാർത്ഥികൾ

2024-25 - 211 വിദ്യാർത്ഥികൾ

2025-26 - 161 വിദ്യാർത്ഥികൾ

2026-27 - 1 വിദ്യാർത്ഥി

**പട്ടികവർഗ്ഗം വിഭാഗം**

ഉന്നതി സ്കോളർഷിപ്പ് നിലവിൽ വരുന്നതിന് മുമ്പ് വിദേശ പഠനത്തിനായി വിദ്യാർത്ഥികൾക്ക് തുക അനുവദിച്ച് നൽകിയിട്ടുണ്ട്. കഴിഞ്ഞ 5 വർഷത്തിനിടെ പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് വിദേശപഠനത്തിനായി അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| വർഷം | വിദ്യാർത്ഥികളുടെ എണ്ണം | അനുവദിച്ച തുക | പദ്ധതി |
|---|---|---|---|
| 2021-22 | 10 | 24786728 | വിദേശ പഠനം |

| | | | |
|---|---|---|---|
| 2022-23 | 14 | 34442167 | |
| 2023-24 | 6 | 15000000 | |
| 2024-25 | 1 | 2500000 | |
| 2024-25 | 25 | 62500000 | ഉന്നതി സ്കോളർഷിപ്പ് |
| 2025-26 | 17 | 38750000 | |
| **ആകെ** | **73** | **177978895** | |

**(ബി)** പ്രസ്തുത പദ്ധതി പ്രകാരം ഏതൊക്കെ വിദേശ സർവ്വകലാശാലകളുടെ ഏതൊക്കെ കോഴ്സുകൾക്കാണ് അനുമതി ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ?

**മറുപടി:** പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ഉന്നതി ഓവർസീസ് സ്കോളർഷിപ്പ് പദ്ധതി പ്രകാരം വിദേശ രാജ്യങ്ങളിലെ ടൈംസ് ഹയർ എഡ്യൂക്കേഷൻ വേൾഡ് യൂണിവേഴ്സിറ്റി റാങ്കിങ്ങിൽ ആദ്യ 500 റാങ്കിനുള്ളിൽ വരുന്ന സർവ്വകലാശാലകളിൽബിരുദാനന്തര ബിരുദ(Post Graduate) കോഴ്സുകൾ, ബിരുദാനന്തര ബിരുദത്തിന് തുല്യമായ ഡിപ്ലോമ കോഴ്സുകൾ,പി.ച്ച്.ഡി,പോസ്റ്റ് ഡോക്ടറൽ പ്രോഗ്രാമുകൾ എന്നിവ പഠിക്കുന്നതിനാണ് സ്കോളർഷിപ്പ് അനുവദിച്ച് വരുന്നത്.

**സെക്ഷൻ ഓഫീസർ**